6643
11/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ നടപ്പാക്കി വരുന്ന ജാതക് - ജനനി സംവിധാനം തുടരുന്നതിനും രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ(സാധാ) നം .** 313/2015/സാനീവ **തീയതി, തിരുവനന്തപുരം,** 03.06.2015

---

**പരാമർശം :** (1) സാമൂഹ്യനീതി ഡയറക്ടറുടെ 14.05.2015 - ലെ ഐസിഡിഎസ്.ബി1 - 6677/15 നമ്പർ കത്ത്.

(2) 16.05.2015 - ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി 2013 അവസാനത്തോടുകൂടി യൂണിസെഫ്, എൻ.ഐ.ആർ.ഡി, റിഥി ഫൗണ്ടേഷൻ, സാമൂഹ്യനീതി വകുപ്പ് എന്നിവ സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് ജാതക് ജനനി. 2014 ജനുവരി മുതൽ പ്രവർത്തനം ആരംഭിച്ച ടി പദ്ധതിയിലൂടെ അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് നിയന്ത്രണ വിധേയമാക്കാൻ സാധിച്ചു. അട്ടപ്പാടിയിലെ കുട്ടികളുടേയും അമ്മമാരുടെയും പോഷണ നിലവാരം, തൂക്കം, തുടങ്ങിയ എല്ലാ വിവരങ്ങളും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ, സെക്രട്ടറിമാർ, ഡയറക്ടർമാർ എന്നീ തലങ്ങളിൽ യഥാസമയം എസ്.എം.എസ് വഴി ലഭ്യമാകത്തക്ക രീതിയിലാണ് ടി സംവിധാനം രൂപപ്പെടുത്തിയത്. ആദിവാസി ജനങ്ങൾ കൂടുതലായി താമസിക്കുന്ന ടി പ്രദേശത്ത് ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും കുഞ്ഞുങ്ങളിലും വളരെ മാരകമായി പ്രകടമായിരുന്ന ന്യൂനപോഷണമാണ് ടി സംവിധാനത്തിലൂടെ നിയന്ത്രണ വിധേയമാക്കിയത്. ഈ വിധത്തിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്ന ജാതക്-ജനനി സംവിധാനം തുടരുന്നതിനും ആയതിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനുമുള്ള ഭരണാനുമതിയും ആയതിലേയ്ക്ക് ആവശ്യമായ ആകെ പ്രോജക്ട് തുകയായ 22,89,000/- രൂപയിൽ സാമൂഹ്യനീതി വകുപ്പ് വിഹിതമായ 9,04,000/- രൂപയും സർവ്വീസ് ടാക്സ് ഇനത്തിൽ വേണ്ടി വരുന്ന 2,82,920/- രൂപയും ചേർത്ത് 11,86,920/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ '2235-60-200-83 (പ്ലാൻ)' ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 16.05.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ നടപ്പാക്കി വരുന്ന ജാതക് - ജനനി സംവിധാനം തുടരുന്നതിനും ആയതിന്റെ

രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയും ഇക്കാര്യത്തിൽ ആവശ്യമായ ആകെ പ്രോജക്ട് തുകയായ 11,86,920/- രൂപ (പതിനൊന്നു ലക്ഷത്തി എൺപത്തിയാറായിരത്തി തൊള്ളായിരത്തി ഇരുപതു രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-83 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ